(ബി) ദുർബല ജനവിഭാഗങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുന്ന പദ്ധതിയിൽ പ്പെടുത്തി 6-2-2012-ൽ എ.പി.ഡബ്ല്യു/1916/ഡി എന്ന കണക്ഷനാണ് നൽകിയിട്ടുള്ളത്. (സി) 10-6-2015-ൽ ശ്രീമതി നാഗമ്മയ്ക്ക് കുടിവെള്ളം നൽകിത്തുടങ്ങിയിട്ടുണ്ട്.

കുടിവെള്ളക്ഷാമം

159 (2368) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാം ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മഴക്കാലത്തുപോലും കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളും ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങളിലെ അപാകതമൂലം കുടിവെള്ളം ലഭിക്കാതെവരുന്ന പ്രദേശങ്ങളും ഏതെല്ലാമാണെന്നും അവ ഏതു ജല അതോറിറ്റി ഓഫീസിൻ കീഴിലുള്ളവയാണെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ജൈക്ക സഹായത്തോടെ കേരള വാട്ടർ സപ്ലൈ പ്രോജക്ടുകളിൽ നടത്തിയ പ്രവൃത്തികൾ എന്തെല്ലാം ; എത്ര തുക ഇതിനായി എവിടെയെല്ലാം വിനിയോഗിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ജൈക്കയിൽ നിന്ന് ലഭിച്ച വായ്പ തുക എത്ര ; എത്ര തുക ചെലവാക്കി ; എത്ര ശതമാനം പ്രവർത്തനങ്ങൾ നടത്തി ; പലിശ അടക്കം എത്ര തുക തിരിച്ചടവുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) കാളിപ്പാറ പദ്ധതി പ്രവർത്തനങ്ങൾക്കായി വായ്പ എടുത്ത തുക എത്ര ; ചെലവാക്കിയ തുക എത്ര ; എന്തെല്ലാം പ്രവൃത്തികൾ നടത്തി ; പലിശയും മുതലും അടക്കമുള്ള വായ്പ തിരിച്ചടവ് എന്നു തുടങ്ങി ; എത്ര അടച്ചു ; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കും ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എച്ച്. ഡിവിഷൻ തിരുവല്ലയുടെ കീഴിൽവരുന്ന കുട്ടനാട് പരിസരപ്രദേശങ്ങളും സമുദ്ര നിരപ്പിൽനിന്നും താഴ്ന്നുകിടക്കുന്ന പ്രദേശങ്ങളാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം മഴക്കാലത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഇതു പരിഹരിക്കുന്നതിനായി 90 കോടി രൂപയുടെ കടിവെള്ള പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.

(സി) ജൈക്ക സഹായത്തോടുകൂടിയുള്ള കേരളാ വാട്ടർ സപ്ലൈ പ്രോജക്ടിൽ താഴെപ്പറയുന്ന അഞ്ച് ശുദ്ധജലവിതരണ പദ്ധതികൾ ഉൾപ്പെടുന്നു:

1. തിരുവനന്തപുരം നഗരമേഖലയിലെ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.

2. കൊല്ലം ജില്ലയിലെ മീനാട്ടം സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.

3. ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.

4. കോഴിക്കോട് നഗരമേഖലയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.

5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി

ഓരോ പദ്ധതിക്കും ഇതുവരെ വിനിയോഗിച്ച തുക താഴെക്കൊടുക്കുന്നു:

പദ്ധതി	ജില്ല	വിനിയോഗിച്ച തുക (കോടി രൂപയിൽ)
തിരുവനന്തപുരം	തിരുവനന്തപുരം	338.82
മീനാട്	കൊല്ലം	246.57
ചേർത്തല	ആലപ്പുഴ	434.62
കോഴിക്കോട്	കോഴിക്കോട്	676.39
പട്ടുവം	കണ്ണൂർ	330.44

(ഡി) ജൈക്കയിൽ നിന്നും മൂന്ന് പ്രത്യേക വായ്പാ കരാറുകളിലായി ഇതുവരെ 2186 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമുൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ 2465.46 കോടി രൂപയാണ് പദ്ധതിക്കായി ചെലവാക്കിയിട്ടുള്ളത്. പദ്ധതിയുടെ 94.55 ശതമാനം പണികൾ പൂർത്തീകരിച്ചു. കേന്ദ്ര സർക്കാരും ജപ്പാൻ ബാങ്കും തമ്മിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. ഒന്നാംഘട്ട വായ്പകരാർ 25-2-1997- ലും രണ്ടാംഘട്ട വായ്പകരാർ 30-3-2007-ലും മൂന്നാംഘട്ട വായ്പകരാർ 31-3-2009-ലും ഒപ്പുവച്ചു. ഒന്നും രണ്ടും കരാറുകൾ അവസാനിച്ചു. ഇപ്പോൾ മൂന്നാമത്തെ കരാറാണ് നിലവിലുള്ളത്. ഒന്നാമത്തെ വായ്പകരാർ പ്രകാരം 423.35 കോടി രൂപയും രണ്ടാമത്തെ കരാർ പ്രകാരം 1427.35 കോടി രൂപയും വായ്പ ലഭിച്ചു. മൂന്നാമത്തെ വായ്പകരാർ മുഖേന 330.30 കോടി രൂപ ഇതുവരെ വായ്പ ലഭിച്ചു. ഇതിന്റെ കാലാവധി 27-7-2015-ൽ അവസാനിക്കുന്നതിനാൽ അത് നീട്ടിക്കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 10 വർഷത്തെ ഗ്രേയ്സ് പിരീയഡിനുശേഷം 20 വർഷം കൊണ്ട് വായ്പ മുഴുവൻ തിരിച്ചടക്കണം. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്. പലിശ അർദ്ധവാർഷികമായാണ് നൽകേണ്ടത്.

വാർഷിക പലിശ നിരക്ക്

ഒന്നാംഘട്ട വായ്പയ്ക്ക്	-	2.1 ശതമാനം
രണ്ടാംഘട്ട വായ്പയ്ക്ക്	-	1.3 ശതമാനം
മൂന്നാംഘട്ട വായ്പയ്ക്ക്	-	1.2 ശതമാനം

മൂന്നാംഘട്ട വായ്പയ്ക്ക് 0.1 ശതമാനം കമ്മിറ്റ്മെന്റ് ചാർജ്ജും നൽകേണ്ടതുണ്ട്.

(ഇ) കാളിപ്പാറ പദ്ധതിയുടെ ഭാഗമായ നെയ്യാറ്റിൻകര നഗരശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം, പാറശ്ശാലയും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതി എന്നിവയ്ക്ക് യഥാക്രമം 517.84 ലക്ഷം രൂപയും, 303.85 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

എൽ.ഐ.സി.യുടെ സഹായത്തോടെ കാളിപ്പാറ പദ്ധതിയുടെ ഭാഗമായ നെയ്യാർഡാമിലെ ഇൻടേക്ക് അറേഞ്ച്മെന്റിന്റെ പണി, റോ വാട്ടർ ഗ്രാവിറ്റി മെയിൻ, 36 എം.എൽ.ഡി. ജലശുദ്ധീകരണശാല ഇവ കൂടാതെ നെയ്യാറ്റിൻകര തൊഴുക്കൽ, ആറാലുംമൂട് എന്നീ സ്ഥലങ്ങളിലെ ഉപരിതല ജലസംഭരണികൾ, തൊഴുക്കൽ ജംഗ്ഷൻ മുതൽ ആറാലുംമൂട് വരെയുള്ള 700 എം.എം. വ്യാസമുള്ള സി.ഐ.ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ, നെയ്യാറ്റിൻകര മുതൽ ആറാലുംമൂട്

LIBRARY ARCHIVES Kerala Legislative Assembly

വരെയുള്ള ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. കാളിപ്പാറ പദ്ധതി 31-3-2016-ൽ ഭാഗീകമായി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ട് ബാക്കി പണികൾ നടത്തിവരുന്നു.

കടിവെള്ളത്തിലെ ലവണങ്ങളുടെ അംശം

160 (2369) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല ജില്ലകളിലും ഉപയോഗിക്കുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം, ഉപ്പ്, നൈട്രേറ്റ്, ഫ്ലൂറൈഡ് എന്നിവ ക്രമാതീതമായി ഉൾപ്പെട്ടതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന്റെ ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയിട്ടുള്ളതെന്നും ഏതെല്ലാം ജില്ലകളിലെ കുടിവെള്ളത്തിലാണ് ഇത്തരം ലവണങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമീണ ശുദ്ധജല സ്രോതസ്സുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇപ്രകാരം ഉള്ള സ്രോതസ്സുകളുടെ പരിശോധനാഫലം കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റിൽ (www.indiawater. gov.in) പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇപ്രകാരമുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ 1-4-2015-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ 751 ഗ്രാമപഞ്ചായത്ത് വാർഡുകളിലെ (2001 സെൻസസ് പ്രകാരം) ശുദ്ധജല സ്രോതസ്സുകളിൽ മേൽപ്പറഞ്ഞ രാസമാലിന്യങ്ങളുടെ സാന്നിദ്ധ്യം ഇൻഡ്യൻ സ്റ്റാൻഡേർഡ് 10500:2012 അനുശാസിക്കുന്ന അനുവദനീയമായ പരിധിയിലും കൂടുതലായി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly